ഉത്തരം

തൃക്കരിപ്പൂർ മണ്ഡലത്തിലെ കരിവെള്ളൂർ, പാടിയോട്ടുചാൽ, വെള്ളൂർ, മാതമംഗലം എന്നീ സെക്ഷൻ ഓഫീസുകളുടെ പരിധിയിലെ സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ എസ്റ്റിമേറ്റ് പൂർത്തിയായി. ബാക്കി സെക്ഷനുകളിലെ എസ്റ്റിമേറ്റ് തയ്യാറായി വരുന്നു. ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് പദ്ധതി പൂർത്തീകരിക്കുന്നതാണ്.

എളവള്ളി കേന്ദ്രമാക്കി കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് ആരംഭിക്കണമെന്ന ആവശ്യം

143(2396) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികജാതിവികസനവും ഊർജ്ജവും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) മണലൂർ നിയോജക മണ്ഡലത്തിലെ എളവള്ളി കേന്ദ്രമാക്കി കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ്, ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ എന്തെല്ലാം എന്നറിയിക്കുമോ ;

(സി) എളവള്ളി കേന്ദ്രമാക്കി സെക്ഷൻ ഓഫീസ് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്

(ബി&സി) ബോർഡിന്റെ പരിഗണനയിലില്ല.

ഇലക്ട്രിസിറ്റി ബോർഡിൽ കഴിഞ്ഞ നാലരവർഷക്കാലം പി.എസ്.സി. വഴി നിയമനം ലഭിച്ചവർ

144(2397) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യത്തിന് പിന്നോക്ക പട്ടികജാതിവികസനവും ഊർജ്ജവും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

കഴിഞ്ഞ നാലരവർഷക്കാലത്തിനുള്ളിൽ ഇലക്ട്രിസിറ്റി ബോർഡിൽ ഏതൊക്കെ തസ്തികകളിൽ എത്രപേർക്ക് പി.എസ്.സി. വഴി നിയമനം ലഭിച്ചു എന്നത് വെളിപ്പെടുത്തുമോ ?

ഉത്തരം

കഴിഞ്ഞ നാലരവർഷക്കാലത്തിനുള്ളിൽ ഇലക്ട്രിസിറ്റി ബോർഡിൽ 8573 പേർക്ക് പി.എസ്.സി. വഴി നിയമനം നൽകിയിട്ടുണ്ട്. ആയതിന്റെ തസ്തിക തിരിച്ചുള്ള ലിസ്റ്റ് ചുവടെ ചേർക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly

വിഭാഗം	നിയമനം
അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ)	90
അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)	638
ഡിവിഷണൽ അക്കൗണ്ടന്റ്	3
സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)	465
ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ	905
ജൂനിയർ ഫെയർകോപ്പി അസിസ്റ്റന്റ്	3
മീറ്റർ റീഡർ	328
ഇലക്ട്രിസിറ്റി വർക്കർ	6141
ആകെ	8573

LIBRARY ARCHIVES Kerala Legislative Assembly

ബാണാസുരസാഗർ ഹൈഡൽ ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിനുള്ള കാലതാമസം

145(2398) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എവിടെയെല്ലാമാണ് ഹൈഡൽ ടൂറിസം പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇവയിൽ ഏതെല്ലാം പദ്ധതികൾ പൂർത്തിയായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) കൽപ്പറ്റ മണ്ഡലത്തിലെ ബാണാസുരസാഗർ ഹൈഡൽ ടൂറിസം പദ്ധതി പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ഡി) ഇല്ലെങ്കിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിലുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ ;

(ഇ) ബാണാസുരസാഗർ ഹൈഡൽ ടൂറിസം പദ്ധതി പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ;

(എഫ്) പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് പൂർണ്ണമായ തോതിൽ പ്രവർത്തനമാരംഭിക്കുമെന്ന് വെളിപ്പെടുത്തുമോ ?